I ഇ.ബി. XIV - കേരള നിയമസഭ /VIII-1

**പതിനാലാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

2017 നവംബർ 09, വ്യാഴം

പതിനാലാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം 2017 നവംബർ 9-ാം തീയതി വ്യാഴാഴ്ച രാവിലെ 9 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

**I സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞ**

വേങ്ങര നിയോജകമണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട ശ്രീ. കെ. എൻ. എ. ഖാദർ പതിനാലാം കേരള നിയമസഭയിലെ അംഗമായി സത്യപ്രതിജ്ഞ ചെയ്തു.

**II മേശപ്പുറത്തുവച്ച കടലാസുകൾ**

സോളാർ അഴിമതിയെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ

കമ്മീഷന്റെ റിപ്പോർട്ടും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച മെമ്മോറാണ്ടവും മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.

## III ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

സോളാർ അഴിമതിയെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ കമ്മീഷന്റെ റിപ്പോർട്ടിനെ സംബന്ധിച്ച് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): റൂൾ 50 അനുസരിച്ചുള്ള പ്രമേയത്തിന് നോട്ടീസ് നൽകിയിട്ട് അനുവദിക്കാതിരിക്കുന്നത് പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ ഹനിക്കുന്ന നടപടിയാണ്.

മി. സ്പീക്കർ: പ്രതിക്ഷ നേതാവിന്റെയും മറ്റും അഭിപ്രായങ്ങൾ പരിഗണിക്കാനും സഭയുടെ അവകാശങ്ങൾ സംരക്ഷിച്ചുവെന്ന് ഉറപ്പുവരുത്താനും ലക്ഷ്യംവച്ചുകൊണ്ടുള്ള ഒരു പ്രത്യേക സമ്മേളനമാണിത്. റൂൾ 50 അനുവദിക്കാൻ നിർവ്വാഹമില്ല. സഭാനടപടികളുമായി എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## IV ക്രമപ്രശ്നം

മുഖ്യമന്ത്രി പത്രസമ്മേളനം നടത്തിയത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): 1952-ലെ കമ്മീഷൻ

ഓഫ് എൻക്വയറീസ് ആക്ടിലെ സെക്ഷൻ 3 (4) പ്രകാരം കമ്മീഷൻ റിപ്പോർട്ടും അതിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതായിട്ടുണ്ട്. ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ കമ്മീഷൻ റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതിന് മുമ്പ് കമ്മീഷന്റെ നിഗമനങ്ങളും നിയമോപദേശങ്ങളും മുഖ്യമന്ത്രി പത്രസമ്മേളനം നടത്തി വിശദീകരിച്ചത് ചട്ടലംഘനവും സഭയോടുള്ള അവഹേളനവുമാണ്.

ശ്രീ. കെ. സി. ജോസഫ്: സോളാർ കമ്മീഷൻ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനുമുമ്പ് മുഖ്യമന്ത്രി പ്രസ്തുത റിപ്പോർട്ടിലെ നിഗമനങ്ങൾ പത്ര സമ്മേളനത്തിൽ വിശദീകരിച്ചത് സംബന്ധിച്ച് പരിശോധിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കഴിഞ്ഞ സർക്കാർ നിശ്ചയിച്ച കമ്മീഷന്റെ റിപ്പോർട്ട് നടപടിക്രമമനുസരിച്ച് സഭയിൽ വയ്ക്കുകയാണ് ചെയ്തത്. മന്ത്രിസഭാ തീരുമാനം വരുന്നതോടെ റിപ്പോർട്ട് പൊതുസ്വത്തായി മാറും. അതിന്റെ ഭാഗമായാണ് പത്രസമ്മേളനത്തിൽ കാര്യങ്ങൾ വിശദീകരിച്ചത്. റിപ്പോർട്ടുമായി ബന്ധപ്പെട്ട ഒരു കാര്യവും ഇതുവരെ പുറത്തുവന്നിട്ടില്ല. അത് റിപ്പോർട്ട് വായിക്കുമ്പോൾ എല്ലാവർക്കും ബോധ്യപ്പെടുന്നതാണ്.

ചട്ടം 300 അനുസരിച്ച് നടത്തിയ പ്രസ്താവനയിലെ 9-ാം പേജിൽ മൂന്നാം ഖണ്ഡികയിൽ ' ശ്രീ. രാജേഷ് ദിവാൻ, ഡി.ജി.പി., തലവനായി പ്രത്യേക

അന്വേഷണ സംഘം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട് ' എന്നതിന് ശേഷമുള്ള 'അന്വേഷണസംഘം താഴെപ്പറയുന്ന പ്രകാരമായിരിക്കും' എന്ന വാചകം ഒഴിവാക്കേണ്ടതാണ്.

**റൂളിംഗ്**

മി. സ്പീക്കർ: 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ വ്യവസ്ഥ പ്രകാരം നിയോഗിക്കപ്പെട്ട ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ കമ്മീഷൻ റിപ്പോർട്ടിലെ നിഗമനങ്ങളും നിയമോപദേശങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ മുഖ്യമന്ത്രി റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനുമുമ്പ് പത്രസമ്മേളനത്തിൽ വെളിപ്പെടുത്തിയെന്നും അത് സഭയുടെ കീഴ്വഴക്കങ്ങൾക്ക് വിരുദ്ധമായ നടപടിയാണെന്നുമാണ് പ്രതിപക്ഷ നേതാവ് ക്രമപ്രശ്നം ഉന്നയിച്ചിരിക്കുന്നത്. ഇക്കാര്യം സംബന്ധിച്ച് മുഖ്യമന്ത്രി വിശദീകരണം നടത്തുകയുണ്ടായി. 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് സെക്ഷൻ 3 (4) പ്രകാരം അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചുകഴിഞ്ഞാൽ 6 മാസത്തിനകം അതിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് സഹിതം സഭയിൽ സമർപ്പിക്കേണ്ടതാണെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2017 സെപ്റ്റംബർ 27-ന് സർക്കാരിന് ലഭിച്ച കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ചുള്ള നടപടി വിശദാംശങ്ങളാണ് ഇന്ന്

സഭയിൽ ലഭ്യമായിട്ടുള്ളത്. ഇത് അങ്ങേയറ്റം മാതൃകാപരവും അഭിനന്ദനാർഹവുമാണ്. റിപ്പോർട്ടിലെ നിരീക്ഷണങ്ങളുടെയും ശിപാർശകളുടെയും അടിസ്ഥാനത്തിൽ സർക്കാരിന് ലഭിച്ച നിയമോപദേശത്തിന്റെയും മന്ത്രിസഭാ തീരുമാനത്തിന്റെയും വിശദാംശങ്ങൾ മാത്രമാണ് 11.10.2017-ലെ പത്രസമ്മേളനത്തിലൂടെ വെളിപ്പെടുത്തിയതെന്നും മറിച്ച് കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളുടെ മെരിറ്റിലേയ്ക്ക് കടന്നിട്ടില്ലെന്നുമാണ് മുഖ്യമന്ത്രി ഇവിടെ വിശദീകരിച്ചത്. അത് ന്യായയുക്തമാണെന്ന് കാണുന്നു. ഇതിൽ സഭയുടെ കീഴ്‌വഴക്കങ്ങളുടെയോ ചട്ടങ്ങളുടെയോ ലംഘനമുള്ളതായി കാണുന്നില്ല, ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## V പ്രമേയം

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

(ദേശീയഗാനാലാപനത്തോടെ സഭ രാവിലെ 9.42-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)